# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **5940**

08/07/2013 - ലെ മറുപടിയ്ക്ക്

## കാലവർഷക്കെടുതിയിൽ പാലക്കാട് ജില്ലയിലുണ്ടായ കൃഷിനാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയിൽ കൃഷിക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | ഉണ്ട്. ഈ വർഷം സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയിൽ 30/06/2013 വരെ 78.8 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. |
| (ബി) | കാലവർഷക്കെടുതിയിലുണ്ടായ നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | കാലവർഷക്കെടുതിയിലുണ്ടായ കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി കർഷകരിൽ നിന്നും കൃഷിഭവൻ മുഖേന അപേക്ഷകൾ സ്വീകരിച്ച് വരുന്നു. |
| (സി) | നെൽകൃഷിക്കാർക്കുണ്ടായ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (സി) | നെൽകൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിന് പുറമേ, വീണ്ടും കൃഷിയിറക്കുന്നതിന് സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന ജില്ലാ കൃഷി ഓഫീസറുടെ ആവശ്യമനുസരിച്ച് ഓരോ ജില്ലയ്ക്കും ആവശ്യമുള്ള വിത്ത് നൽകി വരുന്നു. |
| (ഡി) | പാലക്കാട് ജില്ലയിൽ ഇപ്രകാരം കൃഷി നാശത്തിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | പാലക്കാട് ജില്ലയിൽ തെക്ക് പടിഞ്ഞാറൻ കാലവർഷക്കെടുതിയിൽ 30/06/2013 വരെ 194.59 ഹെക്ടറിലെ കൃഷി നശിക്കുകയും 1183 കർഷകരെ ഇതു ബാധിക്കുകയും ചെയ്തിട്ടുണ്ട്. 728.99 ലക്ഷം രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ